# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **T 1315** 12.06.2014-ൽ മറുപടിയ്ക്ക്

## ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളിൽ ട്രാഫിക് നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, റോഡു മാർക്കിങ്, ക്രാഷ് ബാരിയർ, ബസ് ബേ, എന്നീ സംവിധാനങ്ങൾ ട്രാഫിക് നിയന്ത്രണത്തിനായി ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകളാണ് ഈ സംവിധാനങ്ങൾ ചെയ്തുവരുന്നത്. |
| (ബി) ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റുകളോടനുബന്ധിച്ച് ഓരോ വശത്തു നിന്നുമുള്ള ഗതാഗതത്തിനുള്ള അനുവദനീയ സമയം കാണിക്കുന്ന ഡിജിറ്റൽ ഡിസ്പ്ലേ എല്ലായിടത്തും ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) കൂടുതൽ സമയം സിഗ്നൽ കാത്തുകിടക്കേണ്ടപ്പോൾ വാഹനങ്ങൾ ഓഫ് ചെയ്ത് ഇന്ധനലാഭമുണ്ടാക്കാൻ സഹായകമായ ഡിജിറ്റൽ ടൈം ഡിസ്പ്ലേ എല്ലാ സിഗ്നൽ പോസ്റ്റുകളിലും സ്ഥാപിക്കാനും ഇതു സംബന്ധിച്ച പരസ്യ ബോർഡുകൾ പ്രദർശിപ്പിക്കാനും നടപടി സ്വീകരിക്കുമോ ? | (സി) കേരളത്തിലെ എല്ലാ റോഡുകളിലും വച്ചിരിക്കുന്ന സിഗ്നൽ ലൈറ്റുകളുടെ നടത്തിപ്പ്, സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയുടെ ചുമതല പോലീസ് വകുപ്പിനാണ്. ഡിജിറ്റൽ ടൈം ഡിസ്പ്ലേ സ്ഥാപിക്കുന്ന കാര്യത്തിൽ മേൽനടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പ്രസ്തുത വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ